ങ്ങൾ പെരുകുന്നതിനെപ്പററിയോ, കുതികാൽവെട്ടും കൂറുമാറലും നിത്യസംഭവങ്ങളാകുന്നതിനെപ്പററിയോ ആർ ആരോട് പറയാനാണ്?

കോൺഗ്രസ്സിനു പഴയ രീതിയിൽ ഗ്രാമതലപ്രവർത്തകരിൽ അടിയുറച്ച സംഘടന ഇനി ഉണ്ടാവുക പ്രയാസം. ഇന്നത്തെ പരിതഃസ്ഥിതിക്കു പററിയ ഒരു 'പൊരുത്തുന്ന സംഘടന', മുഖ്യമായും തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി നിർമിക്കാനാണു പരേതനായ സഞ്ജയ്ഗാന്ധി തൻേറതായ ശൈലിയിൽ ശ്രമിച്ചത്. ഈ ശ്രമത്തിൽ അദ്ദേഹത്തിനു കൈവന്ന വിജയമായിരുന്നു അധികാരത്തിലേക്കുള്ള ഇന്ദിരാഗാന്ധിയുടെ തിരിച്ചുവരവ്. ഇപ്പോൾ രാജീവ് ഗാന്ധി കോൺഗ്രസ് സംഘടന പടുത്തുകെട്ടുന്നതിൽ വ്യാപൃതനാണെന്നു പറഞ്ഞുകേൾക്കുന്നു.

അതേതായാലും, ഇന്ദിരാഗാന്ധിയുടെ വ്യക്തിപരമായ പ്രശസ്തി പരിവേഷം ഉപയോഗപ്പെടുത്തിയും, ആഭ്യന്തരവും ബാഹ്യവുമായുള്ള വിപത്തുകളിൽനിന്നു രാജ്യത്തിൻെറ ഐക്യവും അഖണ്ഡതയും സംരക്ഷിക്കാൻ ഇന്ദിരാഗാന്ധി അധികാരത്തിൽ തുടരണമെന്ന പൊതുമുദ്രാവാക്യത്തിൻെറ അടിസ്ഥാനത്തിലും, അടുത്ത പൊതു തെരഞ്ഞെടുപ്പിൽ ഭൂരിഭാഗം സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും അധികാരം നിലനിർത്തുക കോൺഗ്രസ്സിനു സാദ്ധ്യമായേക്കുകയില്ല. ജയിക്കുന്നതു് പല കക്ഷികളുടെ മുന്നണികളോ ഏതെങ്കിലുമൊരു ഒററക്കക്ഷിയോ ആയാലും, സുശക്തങ്ങളായ പാർട്ടി സംഘടനകളുടെ പിൻബലമില്ലാതെ ജനാധിപത്യരീതിയിലുള്ള ഭരണം ഇന്ത്യയിൽ തുടർന്നു നടത്തുക അസാദ്ധ്യമായിരിക്കുകയും ചെയ്യും. ബോംബെ എ. ഐ. സി. സി. യുടെ ജയമോ, പരാജയമോ കണക്കാക്കേണ്ടതു് ഉറച്ച ഒരു ജനകീയസംഘടന, ഗ്രാമതലത്തിൽനിന്നു മേല്പോട്ടു കെട്ടിയുയർത്തുന്നതിൽ കോൺഗ്രസ്സുകാർക്കു കൈവരാനിരിക്കുന്ന ജയത്തെയോ, പരാജയത്തെയോ അടിസ്ഥാനമാക്കി വേണ്ടിയിരിക്കുന്നു. ഏതായാലും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ഇന്നു നിലവിലുള്ള നേതൃത്വകേന്ദ്രീകരണം, ഇന്ത്യയിൽ ജനാധിപത്യവഴക്കങ്ങളുടെ വളർച്ചയെ ഒരു വിധത്തിലും സഹായിക്കുകയില്ല.

(23 ഒക്ടോബർ, 1983)

## 41. കൽക്കത്തയിലെ കോൺഗ്രസ് സമ്മേളനം

ഒക്ടോബർ മൂന്നാം വാരത്തിൽ ബോംബെയിൽ ചേർന്ന എ. ഐ. സി. സി. സമ്മേളനത്തിനുശേഷം, ഡിസംബർ അവസാനവാരം കല്കത്തയിൽവെച്ചു കോൺഗ്രസ്സിൻെറ സമ്പൂർണസമ്മേളനം നടന്നു.

സാധാരണനിലയിൽ പ്രസിഡണ്ട് അടക്കം സംഘടനയുടെ ഭാരവാഹികളെയും സമ്മേളനത്തിൽ പങ്കെടുക്കേണ്ട പ്രതിനിധികളെയും ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുത്തതിനു ശേഷമാണ് എ. ഐ. സി. സി. സമ്മേളനവും കോൺഗ്രസ്സിൻെറ സമ്പൂർണസമ്മേളനവും ചേരാറുള്ളതു്. എന്നാൽ, ഇന്ദിരാകോൺഗ്രസ്സിനു് ഇനിയും ഒരു സംഘടന ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പ്രാദേശിക ഘടകങ്ങൾ പേരിനു് ഉണ്ടെങ്കിലും, അവ സൂക്ഷിക്കുന്ന മെംബർപട്ടികകൾ ഏറെക്കുറെ വ്യാജമോ, മെംബർമാരാവാൻ ഒരു തരത്തിലും അർഹതയില്ലാത്തവരുടെ പേരുകൾ ഉൾക്കൊള്ളുന്നതോ ആണ് എന്നു പറയപ്പെടുന്നു. ഇത്തരം മെംബർപട്ടികകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പുകൾ അധികാരദുർമോഹികളുടെ കലഹങ്ങൾക്കും സംഘടനയുടെതന്നെ തകർ

ച്ചയും കളമൊരുക്കുകയേ ചെയ്യൂ. ഇന്ദിരാകോൺഗ്രസ്സിന്റെ അടിസ്ഥാന യാഥാർത്ഥ്യം ഇന്ദിരാഗാന്ധിയുടെ ചോദ്യംചെയ്യപ്പെടാനാവാത്ത നേതൃത്വമാകുന്നു. പ്രാദേശികനേതാക്കൾക്കു കോൺഗ്രസ് സംഘടനയിൽ അധികാരം കൈവരുന്നതു് ഇന്ദിരാഗാന്ധിയിൽനിന്നാണ്. അങ്ങനെ അധികാരം ലഭിച്ച പ്രദേശിക നേതാക്കൾ കീഴ്ഘടകങ്ങളിലെ നേതാക്കളെ, അംഗങ്ങളെപ്പോലും, തീരുമാനിക്കുകയുംചെയ്യുന്നു.

ഉപനിഷത്തുകളിലെ അശ്വത്ഥവൃക്ഷംപോലെ 'ഊർദ്ധ്വമൂലവും അവാക്ശാഖവും' ആണ് ഇന്നു കോൺഗ്രസ് സംഘടന. ആ സ്ഥിതിയിൽ, അതിൽ കീഴ്ഘടകങ്ങളിൽനിന്നു മേല്പോട്ടു് ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുപ്പു നടത്തണമെന്നു് ആവശ്യപ്പെടുന്നതിനു് അർത്ഥമില്ല. ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടാണ്, സംഘടനാ തെരഞ്ഞെടുപ്പുകൾ നടത്താതെതന്നെ, ഒക്ടോബറിൽ എ. ഐ. സി. സി. സമ്മേളനവും ഡിസംബറിൽ കോൺഗ്രസ്സിന്റെ പൂർണസമ്മേളനവും നടത്തിയതു് എന്നു തോന്നുന്നു.

രണ്ടു മാസം മുമ്പു് ബോംബെയിലെ എ. ഐ. സി. സി. സമ്മേളനത്തിലൂടെയും ഇപ്പോൾ കല്ക്കത്തയിലെ പൂർണസമ്മേളനത്തിലൂടെയും ഇന്ദിരാഗാന്ധി സ്ഥാപിക്കാൻ ഉദ്ദേശിച്ച വസ്തുതകളിലൊന്നു് അടുത്ത ആണ്ടിൽ ശതാബ്ദി ആഘോഷിക്കാനിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഉജ്ജ്വലമായ പൈതൃകത്തിന്റെ യഥാർത്ഥ അവകാശം താൻ നേതൃത്വം വഹിക്കുന്ന സംഘടനയ്ക്കു മാത്രമാണെന്നത്രേ. ഇപ്പോഴത്തെ സമ്മേളനത്തെ വിളിച്ചിരുന്നതു് കോൺഗ്രസ്സിന്റെ എഴുപത്തേഴാം സമ്മേളനമെന്നാണ്. കോൺഗ്രസ് ഓ, കോൺഗ്രസ് എസ്, കോൺഗ്രസ് ജെ മുതലായ നുറുങ്ങു കക്ഷികൾക്കൊന്നും കോൺഗ്രസ്സിന്റെ പിന്തുടർച്ച അവകാശപ്പെട്ടുകൂടാ എന്നു് ഒരിക്കൽക്കൂടി സ്പഷ്ടമാക്കുന്ന തരത്തിലാണ് കല്ക്കത്താസമ്മേളനത്തിന്റെ സംവിധാനം. സമ്മേളനവേദിക്കു് കോൺഗ്രസ്സിന്റെ സ്ഥാപകനേതാക്കളിലൊരാളായ സുരേന്ദ്രനാഥ ബാനർജിയുടെ പേർ നൽകിയതിലും ഈ ലക്ഷ്യം പ്രകടമാണ്. ഇന്ദിരാഗാന്ധിയുടെ ഈ അവകാശവാദം തെരഞ്ഞെടുപ്പുകമ്മീഷനും ഇന്ത്യയിലെ ബഹുജനങ്ങളും അംഗീകരിച്ചുകൊടുത്തിട്ടുമുണ്ടു്.

എ. ഐ. സി. സി. സമ്മേളനത്തിലെപ്പോലെ പൂർണസമ്മേളനത്തിലും വിദേശകാര്യങ്ങളെ സംബന്ധിച്ചും സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചുമുള്ള പ്രമേയങ്ങൾ ചർച്ച ചെയ്തു പാസ്സാക്കി. ഈ പ്രമേയങ്ങളിലോ, അവ സംബന്ധിച്ച ചർച്ചകളിലോ ആർക്കെങ്കിലും താല്പര്യമുണ്ടായിരുന്നോ എന്നു സംശയമാണ്. കേന്ദ്രത്തിലും ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നിലവിലുള്ള കോൺഗ്രസ് ഗവണ്മെൻറുകളുടെ നയപരിപാടികളെ സമർത്ഥിക്കാനല്ലാതെ, അവയിലെ വീഴ്ചകൾ എടുത്തുകാട്ടാനോ, അവയെ വിമർശിക്കാനോ തിരുത്താനോ ഉള്ള ഒരു ശ്രമവും ഈ പ്രമേയങ്ങളിലോ, അവയെ സംബന്ധിച്ച ചർച്ചകളിലോ അടങ്ങിയിരുന്നില്ല. അതേസമയം, സംഘടനയ്ക്കുകത്തുള്ള വിമതന്മാരും അസംതൃപ്തന്മാരും എന്തു ചെയ്യുവെന്നതിലും എന്തു ചെയ്യില്ലെന്നതിലും ധാരാളം ശ്രദ്ധ പതിയുകയുമുണ്ടായി. ലക്ഷ്യങ്ങളും അവയിലേക്കു നയിക്കുന്ന മാർഗങ്ങളുമല്ല, സംഘടനയിലെ ആഭ്യന്തരസംഘർഷങ്ങളും ചേരിപ്പോരുകളുമാണ് അതിലെ അംഗങ്ങളുടെ ഇന്നത്തെ മുഖ്യ ചിന്താവിഷയമെന്നതിനു് ഇതു തെളിവായിരുന്നു.

പതിവുപോലെ ഇന്ദിരാഗാന്ധിയുടെ അതുല്യമായ വ്യക്തിപ്രഭാവം സമ്മേളനത്തിലാകെ നിറഞ്ഞുനിന്നു. പ്രമേയങ്ങളോ, ചർച്ചകളോ ആയിരുന്നില്ല, ബംഗാളിയിലുംഇംഗ്ലീഷിലും ഹിന്ദിയിലുമായി പ്രധാനമന്ത്രി നടത്തിയ അദ്ധ്യക്ഷപ്രസംഗങ്ങൾ ആയിരുന്നു കോൺഗ്രസ്

സമ്മേളനത്തെ ശ്രദ്ധേയമാക്കിയത്. രാജ്യത്തിന്റെയും അതിനു നേതൃത്വം നൽകുന്ന കോൺഗ്രസ്സിന്റെയും മുന്നിലുള്ള നാലു വെല്ലുവിളികളെപ്പറ്റി ഇന്ദിരാഗാന്ധി കോൺഗ്രസ്സുകാരെ ഈ പ്രസംഗങ്ങളിൽ ഉദ്ബോധിപ്പിച്ചു. ഇന്ത്യയിൽ അപൂർണമായി മാത്രം നടപ്പിൽ വന്നുകഴിഞ്ഞ സാമൂഹ്യവിപ്ലവത്തെ മുന്നോട്ടു നയിച്ച് പൂർണമാക്കുകയെന്നതാണ് ഈ വെല്ലുവിളികളിൽ ആദ്യത്തേത്. രണ്ടാമത്തേത് സാമൂഹ്യസമത്വം കൈവരിക്കുന്നതിന് പഴയവയും പുതിയവയുമായ തടസ്സങ്ങൾ നീക്കുകയെന്നതത്രേ. രാജ്യത്തിനകത്തുതന്നെയുള്ള പ്രാദേശികവാദം, സാമുദായികവാദം, തീവ്രവാദം, സംസ്ഥാനസ്വാതന്ത്ര്യവാദം എന്നിവയെ എങ്ങനെ ചെറുത്തു തോല്പിക്കാമെന്നതാണ് മൂന്നാമത്തെ വെല്ലുവിളി. നാലാമത്തെ വെല്ലുവിളിയാകട്ടെ, രാജ്യത്തിനകത്തുള്ള ഈ ഛിദ്രീകരണശക്തികളുമായി ഒത്തുചേർന്ന് ചില വിദേശശക്തികൾ നടത്തുന്ന അസ്ഥിരീകരണപ്രവർത്തനങ്ങളെ നേരിടുകയെന്നതും. ഈ വെല്ലുവിളികളെ ഫലപ്രദമായി നേരിടാനും നമ്മുടെ മഹത്തായ രാജ്യത്തിന്റെ ഐക്യവും പുരോഗതിയും സംരക്ഷിക്കാനും കോൺഗ്രസ്സിനു മാത്രമേ കഴിയൂ എന്ന കാര്യത്തിൽ ഇന്ദിരാഗാന്ധിക്കു യാതൊരു സംശയവുമില്ല. കോൺഗ്രസ് പരാജയപ്പെടുകയെന്നതിനർത്ഥം ഇന്ത്യ ദുർബലമാവുകയും വിഭജിക്കപ്പെടുകയും, അകത്തും പുറത്തും പ്രതിലോമ ശക്തികൾക്കു കീഴടങ്ങുകയുമായിരിക്കുമെന്ന് ഇന്ദിരാഗാന്ധി കോൺഗ്രസ്സുകാരെ ഓർമിപ്പിച്ചു. ആത്മവിശ്വാസത്തോടെ ദാരിദ്ര്യനിർമാർജനത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ബഹുജനങ്ങളെ സാമ്പത്തികമായി ഉയർത്തുന്ന വികസനപ്രവത്തനങ്ങൾക്ക് പ്രാർട്ടിക്കകത്തും അധികാരസ്ഥാനങ്ങളിലുമുള്ള എല്ലാവരുടെയും സഹകരണത്തിനും ഇന്ദിരാഗാന്ധി അഭ്യർത്ഥിച്ചു. കോൺഗ്രസ്സിൽ അംഗങ്ങളായ സ്ത്രീപുരുഷന്മാരുടെ ക്രിയാത്മകസഹകരണംകൊണ്ടു മാത്രമേ ഈ ലക്ഷ്യം നേടാൻ കഴിയൂ എന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പിതാവായ ജവാഹർലാൽ നെഹ്റുവിനെ ഉദ്ധരിച്ചുകൊണ്ട്, നേട്ടങ്ങളിലാണ്, ഒഴികഴിവുകളിലല്ല തനിക്കു നോട്ടം എന്ന് ഇന്ദിരാഗാന്ധി പറഞ്ഞു. വ്യക്തികളെന്ന നിലയിൽ തങ്ങൾ എന്തു ചെയ്യുന്നുവെന്നതാണ് ഓരോ കോൺഗ്രസ് അംഗവും സ്വയം ചോദിക്കേണ്ട ചോദ്യം.

ബോംബെ എ. ഐ. സി. സി. പോലെ കൽക്കത്താ സമ്മേളനവും ശ്രീ രാജീവ്ഗാന്ധിയെ പ്രസിദ്ധീകരണത്തിന്റെ വെളിച്ചത്തിൽ കൊണ്ടുവന്നു നിർത്തുകയുണ്ടായി. എങ്കിലും, അടുത്ത കോൺഗ്രസ് പ്രസിഡണ്ടായി രാജീവ് ഗാന്ധിയെ തെരഞ്ഞെടുക്കണമെന്ന നിർദേശം ഇന്ദിരാഗാന്ധിക്കു സ്വീകാര്യമായിട്ടില്ലെന്നു തോന്നുന്നു. സംഘടനയ്ക്കകത്തും ബഹുജനതലത്തിലുമുള്ള പ്രവർത്തനങ്ങളിലൂടെ തന്റെ നേതൃത്വശേഷി തെളിയിക്കാൻ രാജീവ് ഗാന്ധിക്കു കൂടുതൽ സമയം നൽകണമെന്ന നിലപാടായിരിക്കണം ഇന്ദിരാഗാന്ധി അംഗീകരിച്ചിട്ടുള്ളത്. പ്രധാനമന്ത്രിയുടെ മകനായി പിറന്നു എന്നതു നേതൃത്വത്തിനുള്ള യോഗ്യതയല്ലെങ്കിൽ അയോഗ്യതയുമല്ല. നിരന്തര പരിശ്രമത്തിലൂടെയും വ്യക്തിപരമായ സിദ്ധികളിലൂടെയും അർഹത തെളിയിക്കുന്ന പക്ഷം, നേതൃത്വത്തിലേക്ക് രാജീവ്ഗാന്ധി ഉയരുന്നതിനെ ചോദ്യംചെയ്യുന്നതിൽ വലിയ അർത്ഥമൊന്നുമുണ്ടായിരിക്കുകയില്ല.

ചേരിചേരാ സമ്മേളനം, കോമൺവെൽത്ത് സമ്മേളനം മുതലായ അന്താരാഷ്ട്രീയ സമ്മേളനങ്ങളാണ് ഇക്കഴിഞ്ഞ ആണ്ടിൽ ഇന്ദിരാഗാന്ധിയുടെ സമയം അധികവും അപഹരിച്ചത്. അന്താരാഷ്ട്രീയ രംഗത്ത് ഇന്ത്യയുടെയും തന്റെയും പ്രശസ്തി ഉയർത്തുവാൻ ഇന്ദിരാഗാന്ധിക്ക് ഇവമൂലം സാധിച്ചിട്ടുണ്ട് എന്നതിലും സംശയമില്ല. ആദ്യ

ന്തരങ്ങളായ കാര്യങ്ങളിൽ, ഭരണതലത്തിലും, സംഘടനാതലത്തിലും, ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് ഈയാണ്ടിൽ ഇന്ദിരാഗാന്ധി ഉദ്ദേശിക്കുന്നതെന്ന കരുതപ്പെടുന്നു. അടുത്ത ആണ്ടിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുകളെ നേരിടുന്നതിന് ഇതു് ആവശ്യമാണ്. കോൺഗ്രസ്സുകാരായ നിയമസഭാംഗങ്ങൾക്ക സമയബന്ധിതമായ ഒരു ബഹുജന സമ്പർക്ക പരിപാടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു് ഈ അടിസ്ഥാനത്തിലാകുന്നു.

കോൺഗ്രസ്സിൻെറ(ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും) ഏററവും വലിയ ബലഹീനത, അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ നടത്തുന്നതോ, നടത്തുന്നുണ്ടെന്നു പരക്കെ വിശ്വസിക്കപ്പെടുന്നതോ ആയ അഴിമതികളാകുന്നു. ഉളുപ്പില്ലാത്ത അധികാരമോഹികൾ, എല്ലാ പാർട്ടികൾക്കകത്തും നുഴഞ്ഞുകയറിയിരിക്കുന്നു. കാഡർപാർട്ടികളിൽ ഇവരുടെ എണ്ണം കുറഞ്ഞിരിക്കാമെന്നും ബഹുജനപാർട്ടികളിൽ ഇവരുടെ എണ്ണം കൂടിയിരിക്കാമെന്നുമുള്ള വ്യത്യാസമേ ഉള്ളു. കാലുമാററം, കൂറുമാററം, കുതികാൽവെട്ടു് മുതലായ അഭ്യാസങ്ങൾ 'കാഡർ' പാർട്ടികളിലേക്കാൾ, സ്വാഭാവികമായും, 'ബഹുജന'പാർട്ടികളിൽ കൂടുതൽ കാണാം. കേന്ദ്രത്തിലും ഭൂരിപക്ഷസംസ്ഥാനങ്ങളിലും അധികാരം പുലർത്തിവരുന്ന പാർട്ടിയുമാണ്. അതിനാൽ, കണക്കില്ലാത്ത പണം ഉടൻ നേടാനും, സ്വകാര്യവൈരങ്ങൾക്ക പകവീട്ടാനും, അധികാരലഹരിയിൽ ആറാടാനും, നക്ഷത്രഹോട്ടലുകളിലെ സുഖസൗകര്യങ്ങൾ സൗജന്യമായി അനുഭവിക്കാനുമൊക്കെ വെമ്പുന്ന പല തരക്കാരായ, ഭാഗ്യാന്വേഷികൾ കോൺഗ്രസ്സിനകത്തു മററു പാർട്ടികൾക്കകത്തുള്ളതിലധികം കടന്നുകൂടിയിരിക്കുന്നതും സ്വാഭാവികമാണ്.

ഇത്തരമൊരു പാർട്ടിക്കകത്തു നാമമാത്രമായെങ്കിലും അച്ചടക്കം എങ്ങനെ പുലർത്താമെന്നതാണ് കോൺഗ്രസ് അദ്ധ്യക്ഷയെന്ന നിലയിൽ ഇന്ദിരാഗാന്ധിയുടെ മുമ്പിലുള്ള ഏററവും വലിയ വെല്ലുവിളി.

കോൺഗ്രസ്സിൽ ഇപ്പോൾ വ്യക്തിത്വമുള്ള പ്രാദേശികനേതാക്കൾ കുറവാണ്. ചുരുക്കം ചിലർ അങ്ങനെയുമുണ്ടെങ്കിൽ, അവർക്ക സ്വതന്ത്രമായി പ്രവർത്തിക്കാൻ അവസരം ലഭിക്കാറുമില്ല. നേതൃത്വത്തിൻെറ മുൻനിരയിൽ നിൽക്കുന്നവർ ഏറെയും അഴിമതിക്ക കുപ്രസിദ്ധി നേടിക്കഴിഞ്ഞവരാണ്. ഇന്ദിരാഗാന്ധിയുടെയും കോൺഗ്രസ്സംഘടനയുടെയും സൽപ്പേരിനു സ്ഥിരമായി കളങ്കമുണ്ടാക്കിക്കൊണ്ടിരിക്കുന്നവർ അഴിമതിക്കാരായ ഇത്തരം പ്രാദേശികനേതാക്കളാകുന്നു.

ഇക്കഴിഞ്ഞ ആണ്ടിൽ ആന്ധ്രപ്രദേശങ്ങളിലെയും കർണാടകത്തിലെയും വളക്കൂറുള്ള മണ്ണിൽനിന്നു കോൺഗ്രസ്സിൻെറ വേരുകൾ പൂർണമായും പറിഞ്ഞുപോവുകയുണ്ടായി. സ്വാതന്ത്ര്യസമരകാലത്തും പിന്നീടു് 1983 വരെയും, കോൺഗ്രസ്സിനു മാത്രം വോട്ടു നൽകിപ്പോന്ന ഈ സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഇങ്ങനെ സമ്പൂർണമായി പരാജയപ്പെട്ടതിനു കാരണം, കേന്ദ്രത്തിൻെറ നയവൈകല്യങ്ങളല്ല; പ്രാദേശികനേതാക്കളുടെ കൊള്ളരുതായ്മകൾ ആണു് എന്നതിൽ ആർക്കും സംശയമില്ല. ഈ പരാജയത്തിൽനിന്നു കോൺഗ്രസ്സംഘടന വല്ല പാഠവും പഠിച്ചുവോ? നേതൃത്വത്തിനുള്ള അസാധാരണമായ കഴിവു് ഇന്ദിരാഗാന്ധിക്കുണ്ടു്. പക്ഷേ, തൻെറ സംഘടനയ്ക്കകത്തു് അച്ചടക്കവും സദാചാരമര്യാദകളും പുലർത്താൻ അവർക്ക താൽപര്യമുണ്ടോ, കഴിവുണ്ടോ? കന്നക്കോലും കൈയുമായി പിടിക്കപ്പെട്ട കള്ളന്മാരോടെങ്കിലും ദൃഢതയോടെ പെരുമാറാൻ കഴിയാത്തപക്ഷം ഒരാൾ എങ്ങനെ നേതൃപദവിക്കു് അർഹത നിലനിർത്തും? ഇന്ത്യയിൽ ഒരു പ്രതിസന്ധിയുണ്ടെന്നതു ശരിയാണ്. ആ പ്രതിസന്ധി ഭൗതികമെന്നതിലേറെ നൈതികമാണ്. തൻെറ പാർട്ടിയിലും തൻെറ ഗവണ്മെൻറിലും ബഹുജനങ്ങൾക്ക

നഷ്ടപ്പെട്ട വിശ്വാസം പുനരുദ്ധരിക്കുകയാണ് ഇന്ദിരാഗാന്ധിയുടെ മുമ്പിലുള്ള ഏററവും പ്രധാനമായ വെല്ലുവിളി. ഈ വെല്ലുവിളിയെ ഇന്ദിരാഗാന്ധി എങ്ങനെ നേരിടുന്നു എന്നു കാണാൻ ജനങ്ങൾ ഉററു നോക്കിയിരിക്കുകയാണ്. കാരണം, ഇപ്പോഴും കോൺഗ്രസ്സാണ് ഇന്ത്യയിലെ ഏററവും വലിയ രാഷ്ട്രീയശക്തി. അതു നന്മയ്ക്കോ, തിന്മയ്ക്കോ എന്ന കാര്യത്തിലേ അഭിപ്രായവ്യത്യാസമുള്ളു.

(22 ജനുവരി, 1984)

# 42. ഒരു സാമുദായികലഹളയുടെ പാഠങ്ങൾ

നബിദിനാഘോഷത്തോടനുബന്ധിച്ച് ഡിസംബർ 28–ാം തീയതി ആലപ്പുഴയിലും തുടർന്നു കേരളത്തിലെ പല സ്ഥലങ്ങളിലുമുണ്ടായ അസുഖകരങ്ങളായ അനുഭവങ്ങൾ നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. പോലീസുകാരും ഒരു ജനവിഭാഗവും തമ്മിലുള്ള ഏററുമുട്ടൽ എന്ന നിലയിൽനിന്നു വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലുള്ള ഏററുമുട്ടൽ എന്ന നിലയിലേക്ക് ഈ സംഭവങ്ങൾ വളർന്നില്ല എന്നതു് ആശ്വാസകരം തന്നെ. രാഷ്ട്രീയപ്പാർട്ടികൾക്കിടയിലുള്ള കയ്യാംകളികളല്ലാതെ, വ്യത്യസ്ത മത–ജാതിവിഭാഗങ്ങൾ പരസ്പരം ഏററുമുട്ടുന്ന കലാപങ്ങൾ കേരളത്തിൽ ഭാഗ്യവശാൽ അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല. എങ്കിലും, അസ്വസ്ഥമായ ഇന്നത്തെ അന്തരീക്ഷത്തിൽ സംഗതികൾ ഏതു വഴിക്കു തിരിയുമെന്ന് ആർക്കും പറയാനാവില്ല. കാട്ട് ഉണങ്ങി നിൽക്കുകയാണ്; കാററ് എങ്ങോട്ടായിരിക്കുമെന്ന് അറിയാനൊരു മാർഗവുമില്ല. അതിനാൽ കത്തിച്ച ചൂട്ടുംകൊണ്ടു നടക്കുന്നവർ പരമാവധി ശ്രദ്ധിച്ചേ തീരൂ.

ഈ സന്ദർഭത്തിൽ ബറോഡയിൽ ഈയിടെ നടന്ന സാമുദായികലഹള നമുക്കൊരു പാഠമായിരിക്കേണ്ടതാണ്. പതിമൂന്ന് ആളുകളെങ്കിലും ഈ ലഹളയിൽ കുത്തേററും മററും മരിച്ചു. കോടിക്കണക്കിന് രൂപ വിലവരുന്ന കടകളും മററു സ്വത്തുക്കളും കൊള്ളയടിക്കപ്പെട്ടും തീയെരിക്കപ്പെട്ടും നശിച്ചു. 'സംസ്കാര 'നഗരം' എന്നറിയപ്പെട്ട, വിദ്യാഭ്യാസത്തിലും കലകളിലും മുൻപന്തിയിൽ നിന്ന, ബറോഡയിലാണു കാടത്തത്തിന്റെ ഈ ബീഭത്സതാണ്ഡവം നടമാടിയതു് എന്ന വസ്തുത പ്രത്യേകിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്.

ബറോഡയിൽ യഥാർത്ഥത്തിൽ നടന്നതെന്താണ്? അതു മനസ്സിലാക്കാൻ ഒരു മാർഗവുമില്ല. സാമുദായികലഹളകൾ നടക്കുമ്പോൾ പൊതുവെ ഒരുതരം സെൻസർഷിപ്പ് നിലവിൽ വരാറുണ്ട്. കഴപ്പങ്ങൾ മൂർച്ഛിപ്പിച്ചെങ്കിലോ എന്നു കരുതി വാർത്താപ്രസിദ്ധീകരണത്തിൽ പരമാവധി നിയന്ത്രണം പാലിക്കപ്പെടുന്നു. ഇതിനെത്തുടർന്നു സത്യവുമായി ഒരു ബന്ധവുമില്ലാത്ത കിംവദന്തികൾ പ്രചരിക്കുന്നു. എല്ലാം കഴിഞ്ഞു് സർക്കാർ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോഴേക്കും വർഷങ്ങൾ കഴിഞ്ഞിരിക്കും. അതിനാൽ, ബറോഡയിലെ സംഭവങ്ങളെ സംബന്ധിച്ച പത്രങ്ങളിൽ അവിടവിടെക്കാണുന്ന വാർത്താശകലങ്ങളിൽനിന്നു ചില ഊഹങ്ങളിലെത്താമെന്നേയുള്ളു.

ജസ്പാൽസിംഹ് എന്ന ഒരു പോലീസ്കമ്മീഷണറെ സ്ഥലം മാററാനുണ്ടായ കല്പനയുടെ നേരിട്ടുള്ള ഫലമാണ് ബറോഡയിലെ സാമുദായികലഹള എന്നു് ഡിസംബർ 27–ലെ 'ഹിന്ദു'വിൽ അവരുടെ